**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5292** **21-07-2022 - ൽ മറുപടിയ്ക്ക്**

**ബി.എഡ്. കോളേജുകളിലെ സെമസ്റ്റർ ഫീസ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.എഡ്. കോളേജുകളിൽ 2021-2023 വർഷത്തെ സെമസ്റ്റർ ഫീസ് എത്രയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സ്വാശ്രയ ബി.എഡ് കോഴ്സിന്റെ ഫീ വർധനയുമായി ബന്ധപ്പെട്ട 07.02.2022 തീയതിയിലെ സ.ഉ.(സാധാ) നം. 221/2022/ ഉ.വി.വ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50% മെറിറ്റ് വിദ്യാർത്ഥികൾക്ക് 45,000/- രൂപയും (നാല്പത്തി അയ്യായിരം രൂപ) ബാക്കി 50% മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് 60,000/- രൂപയും (അറുപതിനായിരം രൂപ) വാർഷിക ട്യൂഷൻ ഫീസായി നിശ്ചയിച്ചിട്ടുണ്ട്. 01.01.2022 മുതൽ പ്രാബല്യത്തിൽ മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് പുതിയ നിരക്കിൽ ഫീസ് ഈടാക്കാൻ പാടുള്ളൂ എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഡബ്ല്യൂ.പി.സി.ഒ. 23209/2021, ഡബ്ല്യൂ.പി.സി.ഒ. 23432/2021 നമ്പർ റിട്ടുകൾ പ്രകാരമുള്ള കോടതി ഉത്തരവിലെ ഫീസ് ഘടന 2021-2023 ബാച്ചിലെ ബി.എഡ്. വിദ്യാർത്ഥികൾക്ക് ബാധകമാണോ; അല്ലെങ്കിൽ ഇത് സംബന്ധിച്ച് യൂണിവേഴ്സിറ്റി വ്യക്തത വരുത്തിയിട്ടുണ്ടോ; | (ബി) | 01.01.2022 മുതൽ പ്രാബല്യത്തിൽ വിദ്യാർത്ഥികളിൽ നിന്ന് പുതിയ നിരക്കിൽ ഫീസ് ഈടാക്കാം എന്ന നിബന്ധന നിലനിൽക്കുന്നതിനാൽ പ്രസ്തുത ഫീസ് ഘടന 2021-23 ബാച്ചിലെ ബി.എഡ് വിദ്യാർത്ഥികൾക്കും അപ്രകാരം ബാധകമാണ്. |
| (സി) | 2021-23 വർഷത്തെ ബി.എഡ്. വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്തെ ഫീസ് കോഴ്സ് പൂർത്തീകരണം വരെ ബാധകമാണെന്നിരിക്കെ പുതുക്കിയ ഫീസ് പല കോളേജുകളിലും വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി പ്രവേശന സമയത്തെ ഫീസ് ഘടനയിൽ മാറ്റം വരുന്നതായിരിക്കും എന്ന വ്യവസ്ഥ, ഫീസ് ഘടന സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ തന്നെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ പുതുക്കിയ ഫീസ് ഘടന 2021-23 ബാച്ചിലെ ബി.എഡ് വിദ്യാർത്ഥികൾക്കും ബാധകമാണ്. |
| (ഡി) | ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ